പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 1–4–1956 മുതൽ 31–3–1963 വരെ ആകെ 35,77,00,367 രൂപ 23 നയാപൈസ വിവിധ ഇനങ്ങളിലായി ഗവൺമെൻറ് ലോൺ കൊടുത്തിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ 31–3–1963 വരെ 8,03,79,857 രൂപ 71 നയാപൈസ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(സി) 27,72,60,816 രൂപ 43 നയാപൈസ ഇനി പിരിഞ്ഞുകിട്ടാനുണ്ട്.

(ഡി) 59,693 രൂപ 9 നയാപൈസ ഇതിൽ കിട്ടാക്കടമായി എഴുതിത്തള്ളി.

ശ്രീ. കെ. ഭാർഗ്ഗവൻ: ഇപ്പോഴും ഡ്യൂ ആയിട്ടു കിടക്കുന്ന പണം എത്രയുണ്ടെന്നു പറയാമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഡ്യൂ ആയിട്ട് എത്രരൂപ പിരിഞ്ഞുകിട്ടാനുണ്ടെന്നുള്ളതിന്റെ കണക്ക് എന്റെ കൈവശം ഇപ്പോൾ ഇല്ല.

പത്രപ്രവർത്തകരുടെ വേജ് ബോർഡ് തീരുമാനങ്ങൾ.

* 850. [21] ശ്രീ. കെ. ഹസ്സൻ ഗനി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകരുടെ 1-ാം വേജ് ബോർഡ് തീരുമാനങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) കേരളത്തിലെ ഏതെല്ലാം പത്രങ്ങൾ ഈ വേജ് ബോർഡ് തീരുമാനം അനുസരിച്ചു് ശമ്പളം പത്രപ്രവർത്തകർക്കു കൊടുക്കുന്നുണ്ട്;

(സി) കേരളത്തിൽ പ്രസ് കൗൺസിൽ രൂപീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(ഡി) അക്രഡിറ്റേഷൻ നൽകിയിട്ടുള്ള എത്ര പത്രപ്രതിനിധികൾ ഉണ്ട്; അവർ ഏതെല്ലാം പത്രങ്ങളുടേതാണ്;

(ഈ) കേരള വർക്കിംഗ് ജേർണലിസ്റ്റ് അസോസിയേഷനിൽനിന്നും ഈ രംഗത്തുള്ള ഐ. ആർ. സി. കമ്മിറ്റി പുനഃസംഘടിപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് പ്രമേയങ്ങളോ, നിവേദനമോ ലഭിച്ചിട്ടുണ്ടോ;

(എഫ്) ഡിസ്മിക്കറ്റ് അക്രഡിറ്റേഷൻ പത്രപ്രതിനിധികൾക്കു നൽകുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുമോ?

ഗതാഗതവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) ഉണ്ട്.

(ബി) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(സി) ഉദ്ദേശിക്കുന്നുണ്ട്.

(ഡി) 35. ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(ഈ) കേരളാ വർക്കിംഗ് ജേർണലിസ്റ്റ് യൂണിയന്റെ സെക്രട്ടറിയിൽനിന്നും ഒരു പെറ്റീഷൻ കിട്ടിയിട്ടുണ്ട്.

(എഫ്) ഇക്കാര്യം പരിഗണിച്ചു എന്നാൽ ''കേരളാ ന്യൂസ് പേപ്പർ പ്രൊപ്രൈറ്റേഴ്സ് അസോസിയേഷൻ'' ഇക്കാര്യത്തിൽ വിയോജിപ്പുമൂലം വേണ്ടെന്നുവച്ചു.

ശ്രീ. കെ. ഹസ്സൻഗനി: പ്രസ് കാൺഫറൻസ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞു; എന്നേക്കു് എപ്പോൾ രൂപീകരിക്കാനാണു് തീരുമാനിച്ചിട്ടുള്ളതു്?

ശ്രീ. കെ. ടി. അച്യുതൻ: എന്നേക്കു് ആണെന്നു് ഇപ്പോൾ കൃത്യമായി പറയാൻ നിവൃത്തിയില്ല.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly